**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2604** **02-08-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡ് ലോക്ക്ഡൗൺ കാരണം സിനിമ പ്രദർശന ശാലകൾ, ഓഡിറ്റോറിയങ്ങൾ , ഹൗസ് ബോട്ടുകൾ, പാർക്കുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളും ഹോട്ടലിലെ പാചകക്കാർ, വിനോദ സഞ്ചാര കേന്ദ്രത്തിലെ തൊഴിലാളികൾ, കാറ്ററിംഗ്, പന്തൽ തൊഴിലാളികൾ, ലൈറ്റ് ആന്റ് സൗണ്ട്, പ്രിന്റിങ്, നാടകം, ബ്യൂട്ടി പാർലർ, സ്റ്റേജ്ഷോ, കലാപരിപാടികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളും കടുത്ത പ്രതിസന്ധി നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എ) ഉണ്ട്. |
| (ബി) | ഇവർക്ക് എന്തെങ്കിലും പ്രത്യേക ധനസഹായം സർക്കാർ ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ബി) ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്: കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഈ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത എല്ലാ സജീവ അംഗങ്ങൾക്കും 2020 കാലയളവിൽ 1000/- രൂപയും, ക്വാറന്റൈനിൽ ആയിരുന്ന അംഗങ്ങൾക്ക് 5,000/- രൂപയും കോവിഡ് ബാധിതരായ അംഗങ്ങൾക്ക് 10,000/- രൂപയും ക്ഷേമനിധി ബോർഡിൽ നിന്നും വിതരണം ചെയ്തിരുന്നു. 2021 കാലയളവിൽ കോവിഡ് ധനസഹായമായി എല്ലാ സജീവ ക്ഷേമനിധി അംഗങ്ങൾക്കും 1000/- രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്: കോവിഡ്-19 -ന്റെ വ്യാപനം മൂലം കേരള സംസ്ഥാന അസംഘടിത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,06,939 പേർക്ക് 1,000/- രൂപാ ആശ്വാസ ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, കോവിഡ്-19 ന്റെ രണ്ടാം തരംഗം മൂലം സംജാതമായിട്ടുള്ള പ്രത്യേക സാഹചര്യം |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് ഓരോ പദ്ധതി അംഗങ്ങൾക്കും 1000/- രൂപ നിരക്കിൽ 2,25,000 പേർക്ക് രണ്ടാം ഘട്ടമായി ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (സി) | ലോക്ക്ഡൗൺ കാരണം കടുത്ത പ്രതിസന്ധി നേരിടുന്ന മേഖലകളിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ കണ്ടെത്താനും പുനരധിവസിപ്പിക്കാനും എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | സി) ഇപ്പോൾ പരിഗണനയിലില്ല |
| (ഡി) | വരുമാനം നിലച്ച പ്രസ്തുത മേഖലകളിലെ തൊഴിലാളികളുടെ അതിജീവനത്തിനായി ക്ഷേമനിധി നടപ്പിലാക്കുമോ; വിശദമാക്കാമോ? | (ഡി) | ഡി) ഈ മേഖലയിലെ തൊഴിലാളികൾക്ക് കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബോർഡിൽ രജിസ്റ്റർ ചെയ്ത് അംഗമാകാവുന്നതും, ബോർഡിന്റെ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ